രാമവമ്മതമ്പുരാൻ.—അതെ.

മിസ്റ്റർ ടി. കെ. നായർ.—വേറെവഴിക്കു അന്വേഷിക്കണമെന്നു ഗവമ്മെൻറിനു തോന്നുകയുണ്ടായോ?

രാമവമ്മതമ്പുരാൻ.— സംരക്ഷണ ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ചോദ്യമായതുകൊണ്ടു് ആ ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനോടു ചോദിച്ചതാണു്. ഈ മാതിരി കാര്യങ്ങളിൽ personal ആയിട്ടു് ആരോടും ചോദിക്കാറില്ല.

മിസ്റ്റർ ടി. കെ. നായർ.—ഡിപ്പാർട്ട്മെണ്ടിനെപ്പറ്റിയുള്ള ആക്ഷേപം വരുമ്പോൾ ആ ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനോടു തന്നെ ചോദിച്ചാൽ മതിയെന്നാണോ ഗവമ്മെൻറിൻെറ ധാരണ? ഡിപ്പാർട്ട്മെൻറു മേലധ്യക്ഷനിൽനിന്നും തരിയായ മറുപടി കിട്ടുമെന്നു ഗവമ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അങ്ങിനെയാണു് പതിവു്. ഡിപ്പാർട്ട്മെൻറിനെപ്പറ്റിയുള്ള സംഗതികൾ അതിലെ ആപ്പീസരോടല്ലാതെ വേറെ വല്ലവരോടും ചോദിക്കുമോ! ഈ ചോദ്യത്തിൽ വിദ്യാർത്ഥികൾക്കു കൊടുക്കുന്ന പുസ്തകം പഴയതാണോ പുതിയതാണോ എന്നു ചോദിച്ചിട്ടില്ല.

Purpose for which books are got back from Depressed Classes pupils.

213. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) കഴിഞ്ഞ വർഷത്തിൽ കൊടുത്ത പുസ്തകങ്ങളിൽ ഇക്കൊല്ലത്തിൽ മടക്കി വാങ്ങീട്ടുള്ളതു് എത്ര;

(ഒ) ടി പുസ്തകങ്ങൾ കൊല്ലംതോറും മടക്കി വാങ്ങുന്നതു് എന്തുപയോഗത്തിനാണു്?

രാമവമ്മതമ്പുരാൻ.—(എ) ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ഉ എ ഉ -ാം നമ്പ്ര ചോദ്യത്തിൻെറ ഉത്തരത്തിലേക്കു ക്ഷണിച്ചിരിക്കുന്നു.

(ഒ) മേൽപറഞ്ഞ ഉത്തരം കാരണം ഇതിനു് വേറെ ഉത്തരം ആവശ്യമില്ല.

Agency for supply of books to Depressed Classes pupils—offers for.

214. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഈ വർഷത്തിൽ പുസ്തകം മുതലായവ അധഃകൃത വിദ്യാർത്ഥികൾക്കു സപ്ലൈചെയ്യുവാൻ വല്ലവരും അപേക്ഷ അയച്ചിട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എത്ര;

(c) ഓരോ അപേക്ഷകളിലും ഉറപ്പിക്കൊണ്ടു് എന്തൊരു തുകയാണു് അടയ്ക്കുവാൻ തന്നുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly